## സംഘകൃഷി സംഘങ്ങൾക്ക് മാനസിക പിന്തുണയേകി കോട്ടയം

കോവിഡ് 19 രോഗബാധയുടെ ഭീതിയും ലോക്ക് ഡൗണും മൂലം കാർഷിക രംഗത്ത് നിരവധി തിരിച്ചടികളാണുണ്ടായിരിക്കുന്നത്. ഈ തിരിച്ചടികൾ മനസ്സിലാക്കി ജില്ലയിൽ കുടുംബശ്രീയുടെ സംഘകൃഷി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങൾക്കെല്ലാം മാനസിക പിന്തുണയേകുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ് കോട്ടയം ജില്ലാമിഷൻ. അതിജീവനത്തിനായി കൂടെയുണ്ട് എന്ന പേരിലുള്ള ഈ ടെലികൗൺസിലിങ് സേവനം ഏപ്രിൽ 14നാണ് ജില്ലാമിഷൻ ആരംഭിച്ചത്.

കൃത്യമായ പരിചരണം ലഭിക്കാതെ കാർഷിക വിളകൾ നശിക്കുന്നത്, യഥാസമയത്ത് വിളവെടുപ്പ് നടക്കാത്ത അവസ്ഥ, കാർഷിക ഉത്പന്നങ്ങൾക്ക് വിപണി ലഭ്യമാകാത്ത സാഹചര്യം, കാർഷിക വായ്പകളുടെ തിരിച്ചടവ് ഇങ്ങനെ നിരവധി പ്രശ്നങ്ങളാണ് ഇക്കാലത്ത് കർഷകർ നേരിടുന്നത്. ഈ ഒരു സാഹചര്യത്തിലാണ് കോട്ടയം ജില്ലാമിഷൻ ടെലി കൗൺസിലിങ് വഴി സംഘകൃഷി (ജെ.എൽ.ജി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്) അംഗങ്ങൾക്ക് മാനസിക പിന്തുണയേകി ധൈര്യത്തോട് കൂടി മുന്നോട്ട് പോകാൻ അവർക്ക് വേണ്ട ഉപദേശങ്ങൾ നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടത്. ജെ.എൽ.ജി.കളുടെ വിശദാംശങ്ങൾ ഉപയോഗപ്പെടുത്തി ക്ലസ്റ്റർ ലെവൽ കോർഡിനേറ്റർമാർ (സി.എൽ.സി) മുഖേനയാണ് ടെലി കൗൺസിലിങ് നടത്തുന്നത്. ഏഴ് ദിവസത്തിലൊരിക്കൽ ഇത്തരത്തിൽ കർഷകർക്ക് പിന്തുണാ സേവനങ്ങൾ നൽകി വരുന്നു.

ഈ സേവനങ്ങൾ നൽകുന്നതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുകയും കൃത്യമായി ഫോളോ അപ് ചെയ്യുകയും കൂടാതെ ഇതേക്കുറിച്ച് ബ്ലോക്ക് കോർഡിനേറ്റർമാർ ജില്ലാമിഷനിൽ റിപ്പോർട്ടുകൾ നിശ്ചിത ഇടവേളകളിൽ സമർപ്പിക്കുകയും ചെയ്യുന്നു. കാർഷിക വിളകളുടെ അവസ്ഥയും നേരിടുന്ന മറ്റ് പ്രശ്നങ്ങളും ചോദിച്ചറിയൽ, വായ്പാ മൊറട്ടോറിയത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കി നൽകൽ, കാർഷിക ഉത്പന്നങ്ങൾ കമ്മ്യൂണിറ്റി കിച്ചണുകളിലേക്കും വിപണികളിലേക്കും എത്തിക്കുന്നതിന് ജനപ്രതിനിധികളുടെ സഹായം ലഭ്യമാക്കൽ എന്നിങ്ങനെയുള്ള നിരവധി പ്രവർത്തനങ്ങളാണ് ഇതു മുഖേന നടത്തുന്നത്. ആരും കൃഷി ഉപേക്ഷിക്കില്ലെന്ന് ഉറപ്പു വരുത്തുക, കൂടുതൽ പേരെ കാർഷിക മേഖലയിലേക്ക് ഇറങ്ങാൻ പ്രേരിപ്പിക്കുക, മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കുന്നതിന് കർഷകരെ സജ്ജരാക്കുക എന്നിങ്ങനെയുള്ള ഉദ്ദേശ്യങ്ങൾ കൈവരിക്കാനും അതിജീവനത്തിനായി കൂടെയുണ്ട് എന്ന ഈ പദ്ധതി മുഖേന കോട്ടയം ജില്ലാമിഷൻ ലക്ഷ്യമിടുന്നു.